# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.460 - 10/03/2015 - ലെ മറുപടിക്ക്**

## പൊതു കടം

| ചോദ്യം<br><br>**ശ്രീ. ജി.സുധാകരൻ** | ഉത്തരം<br><br>**ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കഴിഞ്ഞ സർക്കാർ അധികാര മൊഴിയുമ്പോൾ പൊതു കടം എത്ര യായിരുന്നു; | കഴിഞ്ഞ സർക്കാർ അധികാര മൊഴിയുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയുള്ള പൊതുകടം എത്രയാണെന്നും കടമെടുത്ത തുക എപ്രകാരമാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം 31.12.2014 വരെ ലഭ്യമായിട്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 31.12.2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,28,095.05 കോടിരൂപയാണ്. കടമെടുക്കുന്നതുക പ്രധാന മായും വികസന ചെലവുകൾക്കും ഉൽപാദനപരമായ ആവശ്യങ്ങൾക്കുമായിട്ടാണ് ചെലവഴിക്കുന്നത്. |
| (സി) ഈ സർക്കാരിന്റെ കാലത്ത് കടബാദ്ധ്യതയിൽ എന്തു തുകയുടെ വർദ്ധവുണ്ടായി; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായി രുന്ന കടത്തിന്റെ എത്രശതമാന മാണ് വർദ്ധന? | ഈ സർക്കാരിന്റെ കാലത്ത് കടബാദ്ധ്യതയിൽ 49421.81 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ആയത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടബാദ്ധ്യതയായ 78673.24 കോടിരൂപയുമായി താരതമ്യം ചെയ്യുമ്പോൾ 62.82 % വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

*സെക്ഷൻ ഓഫീസർ*